നം.ഇ1/58860/12/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 02.05.2013.

**സർക്കുലർ**

വിഷയം:- ആ.വ.ഡ - സ്റ്റാഫ് നേഴ്സ് ഗ്രേഡ്. II 1:1 റേഷ്യോ സംസ്ഥാന ജില്ലാ സ്ഥാപന തലങ്ങളിൽ ക്രമപ്പെടുത്തുന്നതിനുള്ള അനക്ഷർ അംഗീകരിച്ച് നൽകുന്നത് - സംബന്ധിച്ച്

സൂചന:- കത്ത് നം. ഇ1/58860/2012/ഡി.എച്ച്.എസ് 19/2/2013

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സ്റ്റാഫ് നേഴ്സ് 1:1 റേഷ്യോ സംബന്ധമായ കാര്യങ്ങളിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി ഒരു മീറ്റിംഗ് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. ഡി.എം.ഇ/ ഡി.എച്ച്.എസ് വിഭജനത്തിനുശേഷം ഡി.എച്ച്.എസ് -ന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ സ്റ്റാഫ് നേഴ്സ് ഗ്രേഡ്1, ഗ്രേഡ്2, 1:1 റേഷ്യോ പ്രൊവിഷണലായി ഫിക്സ് ചെയ്യുന്നതിന് അനക്ഷർ 3 പ്രകാരം ഇതിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന പെർഫോർമ വെബ്സൈറ്റിൽ നിന്നും പ്രിൻഡ് ഔട്ട് എടുത്ത് ലിസ്റ്റിലെ ഓരോ കോളവും വ്യക്തമായി പരിശോധിക്കുകയും ആയത് ശരിയാണെന്ന് ഉറപ്പ് വരുത്തിയശേഷം ലിസ്റ്റ് അംഗീകരിച്ച്, ഡി.എച്ച്.എസ്-ൽ കൊണ്ടു വരേണ്ടതാണ്. പ്രസ്തുത ലിസ്റ്റ് കൊണ്ടുവരുമ്പോൾ അപാകത ഉണ്ടാകുകയാണെങ്കിൽ ആയതിന് ഡി.എം.ഒ-മാർ ഉത്തരവാദികളായിരിക്കും. മീറ്റിംഗ് 16.05.2013-ന് ഡി.എച്ച്.എസ് ഓഫീസിലെ കോൺഫറൻസ് ഹാളിൽ വച്ചാണ് കൂടുന്നത്. മീറ്റിംഗിൽ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസിലേയും ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ടും, സെക്ഷൻ ക്ലാർക്കും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. മീറ്റിംഗ് സമയം 10.30 മുതൽ 4 വരെയായിരിക്കും. ഡി.എം.ഒ-മാർ മേയ് **8**-നകം സ്റ്റാഫ് നേഴ്സ് തസ്തികയിലെ ജില്ലാ തലത്തിലുള്ള ജനറൽ ട്രാൻസ്ഫറിന്റെ 2013-ലെ അന്തിമ ഉത്തരവ് പ്രസിദ്ധീകരിക്കുകയും ടി ഉത്തരവ് പ്രകാരം മാറ്റി നിയമിക്കുന്ന ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്ത് മാറ്റം നൽകിയ സ്ഥാപനത്തിൽ അയയ്ക്കുവാനുള്ള നിർദ്ദേശം സ്ഥാപന മേധാവിക്ക് നൽകണം.

മീറ്റിംഗിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് സർക്കാർ അനുവദനീയമായ TA/ DA ക്ക് അർഹതയുണ്ടായിരിക്കും.

ഡി.എച്ച്.എസ്-ന് സമർപ്പിക്കേണ്ട ലിസ്റ്റുകൾ

1. അനക്ഷർ III - 3 പകർപ്പുകൾ

website-ൽ നിന്നും print download ചെയ്തെടുക്കണം. ടി print വ്യക്തമായി വായിക്കാൻ കഴിയുന്നതായിരിക്കണം. അനക്ഷർ III Form വീണ്ടും type ചെയ്യേണ്ടതില്ല. അപാകത എന്തെങ്കിലും ഉണ്ടെങ്കിൽ അനക്ഷർ 3 - ൽ **'No'** എന്ന് രേഖപ്പെടുത്തിയശേഷം അഡീഷണൽ ഷീറ്റിൽ പ്രസ്തുത അപാകത സംബന്ധിച്ച വിവരം രേഖപ്പെടുത്തണം

2. അനക്ഷർ 4 - 2 പകർപ്പുകൾ
3. അനക്ഷർ 5 - 1 പകർപ്പ്

[signature]

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

To

3/5/13

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് ( ആവശ്യമായ തുടർ നടപടിയ്ക്കും റിപ്പോർട്ടിനുമായി)